(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

തൊഴിലാളി ക്ഷേമനിധിയിൽ നിന്നും തൊഴിലാളികൾക്ക് നൽകാനുണ്ടായിരുന്ന പെൻഷനും മറ്റാനുകൂല്യങ്ങളും

43 (1195) ശ്രീ. എം. മുരളി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി 31-ന് ഓരോ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും ബന്ധപ്പെട്ട തൊഴിലാളികൾക്ക് നൽകാനുണ്ടായിരുന്ന പെൻഷനും മറ്റാനുകൂല്യങ്ങളും എത്ര വീതമായിരുന്നു ;

(ബി) എത്ര മാസത്തെ കുടിശ്ശികയാണ് ഈ തുകയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ ഓരോ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും പെൻഷനും മറ്റാനുകൂല്യങ്ങളുമായി എത്ര തവണ കുടിശ്ശിക ഉണ്ടായിരുന്നു ?

ഉത്തരം

(എ-സി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†.

ചെത്തു തൊഴിലാളി ക്ഷേമനിധി കുടിശ്ശിക എഴുതിത്തള്ളിയ നടപടി

44 (1196) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെത്തു തൊഴിലാളി ക്ഷേമനിധിബോർഡിന്റെ ശുപാർശയോടെ ക്ഷേമനിധി കുടിശ്ശിക എഴുതിത്തള്ളി എന്നു കാണിച്ച് ടി.ഒ.ആർ.ടി.നമ്പർ. 1069/99/എൽ.ബി.ആർ. എന്ന നമ്പരോടെ ലേബർ സെക്രട്ടറി അസാധാരണ ഗസറ്റ് വിജ്ഞാപനം നടത്തിയതിൽ ഉൾക്കൊള്ളിച്ച തുക എത്രയാണെന്നും ആരുടെയൊക്കെ പേരിലുള്ളതാണെന്നും വെളിപ്പെടുത്തുമോ ;

(ബി) എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ, മട്ടാഞ്ചേരി, പറവൂർ, വരാപ്പുഴ, അങ്കമാലി റേഞ്ചുകളിലെ കള്ളുഷാപ്പുകൾ ലേലത്തിൽ പോകാതിരുന്നതിനെത്തുടർന്ന് 1962 മുതൽ 1985 വരെ ആ ഷാപ്പുകൾ ഏറ്റെടുത്തു നടത്തിയ കെ.എം. സുധാകരൻ (സി.ഐ.ടി.യു.) കെ.എം. ബാലൻ (എ.ഐ.റ്റി.യു.സി.) കെ.ആർ. വിജയൻ (ഐ.എൻ.ടി.യു.സി.) എന്നിവർ തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം സ്വന്തം അക്കൗണ്ടിലേക്ക് മാറ്റിയതായി എറണാകുളം വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ കണ്ടുപിടിച്ചു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly